# കണ്ണാടി



**ജി എച്ച് എസ് എസ് പെരിങ്ങോട്ടുകര**

**( DIGITAL MAGAZINE)**

2019 -20

# സ്നേഹാദരങ്ങളോടെ

പെരിങ്ങോട്ടുകര ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന്റെ മാഗസിൻ എന്ന സ്വപ്നം പൂവണിയുകയാണ്. ചെറുതെങ്കിലും ഈ സ്വപ്നത്തിനു പിന്നിൽ പ്രവർത്തിച്ചവരെ അഭിനന്ദിക്കുന്നതോടൊപ്പം എല്ലാ ആശംസകളും നേരുന്നു.

**എച്ച് എം**

**ലതിക സി കെ**

## താളുകളിലൂടെ

- സഹപാഠി
- പുഴ പറയുന്നു
- യാത്രയ്ക്കിടയിൽ
- കാറ്റ്
- നവകേരള നിർമ്മിതിയിൽ കുട്ടികളുടെ  പങ്ക്
- എന്റെ വായന
- ആരു പറഞ്ഞു?

# സഹപാഠി

സ്നേഹരാഗമാം തോണിയിൽ
സഹപാഠികളായി തുഴയുന്ന നമ്മൾ
തോണിയിലാടി പാടുന്ന നമ്മൾ
മലനിരകൾ താണ്ടിയൊഴുകുന്ന
പുഴയിലെ കുഞ്ഞോളങ്ങളിൽ
രാഗമാലിക തീർക്കുന്ന നമ്മൾ
സ്നേഹരാഗമാം തോണിയിൽ
സഹപാഠികളെന്നും സഹപാഠികൾ

**ശാലു ടി എസ്**

## പുഴ പറയുന്നു

കാറ്റിന്റെ താളത്തിലോളങ്ങളാട്ടി
ഞാനിക്കണ്ട കാലം കഴിച്ചു കൂട്ടി
ഇനിവയ്യ   ഇനിവയ്യ ഒരു നിമിഷം കൂടി
വീണ്ടുമീ ജീവിതം തുടർന്നീടുവാൻ
കാടുകൾ കണ്ടു ഞാൻ,വയലുകൾ താണ്ടി
ഞാനൊരുപാട് സ്നേഹവും വഴക്കും കണ്ടു...
അവസാനമങ്ങനെ കടലിൽ ഒഴുകിയണയു-
മ്പോൾ നീറുന്നു നീറുന്നുയെൻ്റയുള്ളം
സാവധാനത്തിൽ ഒഴുകിത്തുടങ്ങി ഞാൻ
പിന്നീട് വേഗതയേറി യേറി
എത്ര തവണ ഞാൻ ആത്മഹത്യ ചെയ്തിട്ടു-
മിപ്പോഴും എൻ ജീവൻ ബാക്കിയായി
മാനുഷ്യ ജന്മങ്ങളെല്ലാം തന്നെ എന്നെ
കൊല്ലാതെ കൊന്നല്ലൊ ഇത്രനാളും
ആവശ്യമില്ലാത്തതെല്ലാം തന്നീട്ടവരെന്നെ
കൊല്ലുന്നു കൊല്ലുന്നു വീണ്ടും വീണ്ടും.
ഇനിയുമീ ജീവിതം തുടർന്നീടുവാനായ്
ഒരു ചെറുമോഹവുമെനിക്കില്ലല്ലോ
സുന്ദരനിമിഷങ്ങളെല്ലാം ഒരോർമ്മയായ്
ഇനിയെന്റെ ജീവിതം മാത്രമായി

പി ജെ ഹൃഷികേശ് ശാസ്ത്രശർമ്മ

## യാത്രയ്ക്കിടയിൽ

ഒരു ദിവസം അഖിൽ എന്നയാൾ അതിരാവിലെ തിരുവനന്തപുരത്തേക്ക് യാത്ര പുറപ്പെട്ടു. തീവണ്ടിയിലായിരുന്നു യാത്ര. 3.30 ന് സ്റ്റേഷനിൽ നിന്നും തീവണ്ടി പുറപ്പെട്ടു. വണ്ടി പതുക്കെ നീങ്ങി. അൽപ്പ സമയം ഞാൻ ഇരുട്ട് നിറഞ്ഞു നിൽക്കുന്ന മാനത്തേക്ക് നോക്കി നിന്നു. ഒരു ഗുരുവും ശിഷ്യൻമാരും ഇരിക്കുന്നതുപോലെ ചന്ദ്രനു ചുറ്റും നക്ഷത്രങ്ങളും ഇളം നിലാവ് പരത്തി നിൽക്കുന്നു. ഈ ചിത്രവും കണ്ട് ഞാൻ ഉറക്കത്തിലേക്കിറങ്ങി.അപ്പോൾ എന്നെ ഒരു സ്വപ്നം ആകർഷിച്ചു. ആ സ്വപ്നത്തിലെ ഓർമ്മ എന്നിൽ നിന്ന് മായ്ക്കാനായില്ല. ഉറക്കത്തിന്റെ പിടി വിട്ട് ഞാൻ എഴുന്നേറ്റപ്പോൾ സമയം 5.30 കഴിഞ്ഞിരുന്നു. ഇരുട്ടിൽ നിന്നു വെളിച്ചത്തിലേക്കു കടന്നു കൊണ്ടിരുന്നു.

ചന്ദ്രനും നക്ഷത്രങ്ങളും പോയി. മലനിരകൾക്കിടയിൽ നിന്നും തിളച്ച് ഉദിച്ചു വരുന്ന സൂര്യനെ ഞാൻ കണ്ടു. പക്ഷികളെല്ലാം അവരവരുടെ പണികൾക്കായി പാട്ടു പാടി പോകുന്നു. വീടുകളിൽ നിന്നു കോഴികൾ പതിവു പോലെ കൂവുന്നു. മരങ്ങളും ചെടികളും മഞ്ഞ് തുള്ളികൾ അണിഞ്ഞ് നിൽക്കുന്നു. അപ്പോൾ തീവണ്ടി പാലം കടക്കുന്നു.പെരിയാർ പുഴയെയാണ് മുറിച്ചു കടക്കുന്നത്. പുഴയിൽ ഇളം നീല വെള്ളം ഓളങ്ങളായി

ഒഴുകുകയും രാവിലെയായതിൻെറ ഉത്സാഹത്തിൽ മീനുകൾ ചാടി തിമിർക്കുകയും ഇവരെ പിടിക്കാനായി ഇഴയുന്ന മത്സ്യ ബന്ധന വഞ്ചികളും അന്യ നാട്ടുകളിലേയ്ക്ക് ചരക്കുമായി പുക തുപ്പി പോകുന്ന കപ്പലുകളും നിറഞ്ഞ അതിമനോഹരമായ ഒരു ദൃശ്യം ഞാൻ കണ്ടു. എന്റെ ഇരിപ്പിടം വലതു ഭാഗത്തായിരുന്നു. ഞാനൊന്ന് ഇടത്തോട്ടു നോക്കി . അപ്പോഴതാ പുഴയിൽ നിന്നും പൊന്തി വരുന്നതുപോലെ സൂര്യന് പകുതിയെത്തി നിൽക്കുന്നു. പിന്നീട് വണ്ടി നീങ്ങിയത് രണ്ടു മലകൾക്കിടയിലൂടെയായിരുന്നു. കാറ്റിൽ മരങ്ങൾ മലമുകളിൽ നിന്നും യാത്ര പറയുന്നതായി തോന്നി. അപ്പോഴതാ പ്രകൃതിയെ തളിച്ചുകൊണ്ട് മഴ വന്നു. ഓരോ യാത്രയിലും കാണുന്ന പ്രകൃതി രമണീയമായ കാഴ്ചകൾ അദ്ദേഹം തന്റെ ഡയറിയിൽ കുറിക്കുകയും ഇതിന്റെ ചിത്രം പകർത്തുകയും തന്റെ അടുത്തിരിക്കുന്നവർക്ക് കാണിച്ചു കൊടുക്കുകയും ചെയ്തു കൊണ്ടേയിരുന്നു.

അങ്ങനെ ഉച്ചയ്ക്ക് മുൻപ് തിരുവനന്തപുരത്ത് എത്തിയ അദ്ദേഹം ടാക്സി പിടിച്ച് വീട്ടിലേക്ക് തിരിച്ചു. അവിടെ അദ്ദേഹത്തെ കാണുവാനായി വീട്ടുകാരും ബന്ധുക്കളും തിടുക്കത്തോടെയിരുന്നു. അപ്പോഴാണ് പടിയ്ക്കലിൽ നിന്നും ഒരു കാറിന്റെ ഹോൺ മുഴക്കം കേട്ടത്. തന്റെ അച്ഛനെ കാണാനുള്ള തിടുക്കത്തിൽ കുഞ്ഞുണ്ണി പടിക്കലേയ്ക്കു ഓടി.തന്റെ അച്ഛൻ കാറിൽ വരുന്നതു കണ്ട് കുഞ്ഞുണ്ണി സന്തോഷത്തിൽ പുഞ്ചിരിച്ചുകൊണ്ട് തുള്ളിച്ചാടി. അച്ഛൻ കാറിൽ നിന്നും ഇറങ്ങി തന്റെ കുഞ്ഞുണ്ണിയെ എടുത്ത് പൊക്കിയിട്ട് ചോദിച്ചു. എടാ

കുഞ്ഞുണ്ണി .... നിനക്ക് സുഖമല്ലേടാ.  എനിയ്ക്ക് സുഖമാ .കുഞ്ഞുണ്ണി മറുപടി നൽകി. വീട്ടികാരും ബന്ധുക്കളും എല്ലാം പുറത്തേയ്ക്ക് ഇറങ്ങി വന്നു. എന്നിട്ട് എല്ലാവരും വിശേഷങ്ങൾ തിരക്കി. അപ്പോൾ അമ്മ എന്നോട് കുളിച്ചു വന്നിട്ട് നമുക്ക് സംസാരിക്കാം എന്ന് പറഞ്ഞു. വർഷങ്ങൾക്കുശേഷം അഖിൽ മരിച്ചു. അപ്പോൾ കുഞ്ഞുണ്ണി തന്റെ അച്ഛന്റെ പുസ്തകങ്ങൾ തപ്പിയെടുത്തു വായിച്ചു നോക്കി. അതിനിടയിൽ ഒരു ഡയറി കിട്ടി. അത് കുഞ്ഞുണ്ണി വായിച്ചു നോക്കി. തന്റെ അച്ഛൻ പോയ യാത്രകളെക്കുറിച്ച് എഴുതി വെച്ചിരിക്കുകയാണ്.കുഞ്ഞുണ്ണി ഓരോന്നായി വായിക്കാൻ തുടങ്ങി.വായന തുടങ്ങിയപ്പോൾ കുഞ്ഞുണ്ണിക്ക് അച്ഛനെ പോലെ യാത്ര പോകണമെന്ന് തോന്നി.വായിച്ച് അവസാന യാത്രാക്കുറിപ്പിലെത്തി.അത് വായിച്ച് അതിൻെറ അവസാനമെത്തി.ഈ യാത്രയിൽ നിന്ന് എനിക്ക് ഒരു നല്ല അനുഭവം ഉണ്ടായി.ഇവനും അച്ഛൻ പോയ സ്ഥലങ്ങളിലേക്ക് യാത്രപോകാൻ ഒരുങ്ങി.അപ്പോൾ കുഞ്ഞുണ്ണി തൻെറ അച്ഛൻെറ പോലെ  ഡയറിയിൽ ഒരു പേര് എഴുതിയിരുന്നു.കുഞ്ഞുണ്ണിയും ഡയറിയിൽ ആ പേരെഴുതി. “യാത്രയിൽ നിന്ന്” എന്നാണ് എഴുതിയിരിക്കുന്നത്.

അനശ്വര ടി യു

# കാറ്റ്

കാറ്റേ കാറ്റേ കുഞ്ഞിക്കാറ്റേ
എവിടേക്കാണീ സഞ്ചാരം
ഏറെ എറെ കാഴ്ചകൾ കാണാൻ
ഞാനും വരട്ടെ നിൻകൂടെ
കാടും മേടും കണ്ടീടാൻ
പുഴയും മലയും കണ്ടീടാൻ
കാറ്റേ കാറ്റേ കുഞ്ഞിക്കാറ്റേ
ഞാനും വരട്ടെ നിൻകൂടെ

ശ്രീശാന്ത് മനോജ്കുമാർ



## നവകേരള നിർമ്മിതിയിൽ

## കുട്ടികളുടെ  പങ്ക്

നവകേരള നിർമ്മിതിയിൽ കുട്ടികളുടെ പങ്ക് പ്രാധാന്യമർഹിക്കു ന്നതാണ്. മുതിർന്നവരേക്കാൾ പ്രായവും അനുഭവങ്ങളും കുറവാ യാൽ കൂടി  പക്വതയോടെയുള്ള പെരുമാറ്റരീതീകളാണ് ഇന്ന ത്തെ കുട്ടികളിൽ നമുക്ക് കാണാൻ സാധിക്കുക. മുതിർന്നവർക്ക് ഇടപെടാൻ കഴിയാത്ത സാഹചര്യങ്ങൾപോലും കുട്ടികൾ ഏറ്റെ ടുത്ത് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നു.

ഹരിതാഭമായ ഒരു കൊച്ചു നാടാണ് നമ്മുടെ കേര ളം. 44 നദികൾ ഒഴുക്കികൊണ്ടുവരുന്ന വെള്ളത്തിലും അതി നേക്കാൾ പതിൻമടങ്ങ് മാലിന്യങ്ങൾ നമുക്ക് കാണാൻ സാധിക്കും. ഇവ ശുദ്ധീകരിക്കാൻ മുതിർന്നവരേക്കാൾ കൂടുതൽ താൽപര്യം പ്രകടിപ്പിക്കുന്നത് കുട്ടികളാണ്.

വിവരവിനിമയസാങ്കേതികവിദ്യാരംഗത്തുംകുട്ടി കൾ മെച്ചപ്പെട്ട കഴിവ് തെളിയിച്ചവരാണ്. കേരളത്തിലെ എല്ലാ സ്കൂളുകളിലെയും വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായ ധാരാളം സംരംഭങ്ങൾ ഐ.ടി രംഗത്തുണ്ട്. ഇവയിലൂടെ മെ ച്ചപ്പെട്ട തൊഴിലവസരങ്ങളും കുട്ടികൾക്ക് ലഭിക്കുന്നു. ചുരു ക്കിപറഞ്ഞാൽ പുതിയൊരു കേരളത്തിന്റെ സൃഷ്ടിക്ക് കു ട്ടികൾക്ക് മഹത്തരമായ ഒരു പങ്കുണ്ട്.

അശ്വനി സി ഡി

# എന്റെ വായന

സുഭാഷ് ചന്ദ്രൻ എഴുതിയ പണവും അർപ്പണവും എന്ന പുസ്തകം ഗുണപാഠ കഥകൾ നിറഞ്ഞതാണ്.ഓരോരോ കാര്യത്തിൽ ചെന്നു ചാടുമ്പോഴും താൻ കുഴപ്പത്തിൽ പോകും എന്ന് ആരും ചിന്തിക്കുന്നില്ല.അത് നാശത്തിലേക്ക് നയിക്കും.നമ്മൾ എന്തു ചെയ്യുമ്പോഴും, കുഴപ്പത്തിൽ ചെന്നു പെട്ടാലും ,അതിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗം കണ്ടെത്തി വേണം അതിലേക്ക് ചാടാൻ. ഈ പുസ്തകം നമുക്ക്  നല്ല ഉപദേശങ്ങൾ തരുന്നു.ഈ കഥ പലരുടേയും ജീവിതത്തെ മാറ്റിമറിക്കുന്നു. കുട്ടികളിൽ ധാർമികമൂല്യങ്ങളും നന്മയും വളർത്തുകയും അതോടൊപ്പം അവർക്ക് പുതിയ ലോകത്തെ നേരിടുവാനുള്ള ഉൾക്കരുത്ത് പകരുകയും ചെയ്യുന്ന കഥകളുടെ സമാഹാരമാണ് ഈ പുസ്തകം.എത്രയും വായിക്കുന്നുവോ അത്രയും അറിവും ഉപദേശവും ലഭിക്കും

മാളവിക വി.എസ് ആചാരി

## ആരു പറഞ്ഞു?

മുക്കുറ്റി തിരിതെറുത്തില്ലെന്ന്
തുമ്പകൾ പൂക്കുട നിറച്ചില്ലെന്ന്
കാക്കപ്പൂ കൺമിഴിച്ചില്ലെന്ന്
കോളാമ്പി ചായം പൂശിയില്ലെന്ന്
ചെമ്പരത്തി മതിൽപ്പഴുതിലൂടെ
എത്തി നോക്കിയില്ലെന്ന്
കൃഷ്ണ(ൻ)കിരീടമിറക്കിവെച്ചെന്ന്
ആമ്പലുകൾ തലയാട്ടിയില്ലെന്ന്
പവിഴമല്ലി പൂത്തുലഞ്ഞില്ലെന്ന്
കണ്ണു തുറന്ന് കാണാഞ്ഞിട്ടല്ലേ?

എം വിധു ബിനോയ്

## നന്ദിപൂർവ്വം

കണ്ണാടിയ്ക്ക് ഒരുപക്ഷെ തെളിച്ചം കുറവായിരിക്കാം. എന്തുകൊണ്ടെന്നാൽ അതിനുപിന്നിലെ ചിത്രങ്ങൾ വരച്ചത് കൊച്ചു കൈകളാണ്. ഈ മാഗസിനു വേണ്ടി പ്രവർത്തിച്ച എല്ലാ കൊച്ചുകുട്ടുകാർക്കും അധ്യാപകർക്കും നന്ദി......

**ഹരിജിത്ത്**